**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4885** **11-08-2021 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ അതിവേഗ റെയിൽ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം - കാസർഗോഡ് സിൽവർ ലൈൻ അതിവേഗ റെയിൽ പാതയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന്റെയും, കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിന്റെയും, കേന്ദ്രമന്ത്രിസഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെന്റിച്ചർ എന്നീ വിഭാഗങ്ങളിൽ നിന്നും പദ്ധതി വിദേശ വായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശയും നോ ഒബ്ജക്ഷനും ലഭിക്കുകയുണ്ടായി. ആയത് കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ